(ബി) 'ജോണിവാക്കർ' എന്ന എഴുത്തുള്ള ഉദ്ദേശം 60 മില്ലീ ലിറ്റർ വീതം വരുന്ന വിദേശ മദ്യം എന്നു തോന്നിക്കുന്ന എട്ടു കുപ്പികൾ കണ്ടെടുത്തിട്ടുണ്ട്.

(സി) മഹസർ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

113 (131) വിഷമദ്യം കഴിച്ചതുമൂലം മരിച്ചവർ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ.എം.എ.കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) വിഷമദ്യം കഴിച്ചതുമൂലം 2000 ഒക്ടോബറിൽ സംസ്ഥാനത്ത് എത്രപേർ മരണപ്പെട്ടു;

(ബി) എത്ര പേർക്ക് കാഴ്ച നഷ്ടമായി; എത്ര പേർക്ക് അംഗവൈകല്യമുണ്ടായി;

(സി) എത്ര പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു;

(ഡി) വിഷമദ്യ ദുരന്തത്തിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്കും അംഗവൈകല്യം വരികയോ കാഴ്ച നഷ്ടപ്പെടുകയോ ചെയ്തവർക്കും എന്തെല്ലാം സഹായങ്ങൾ ഗവൺമെന്റ് നല്കി;

(ഇ) ഈ സ്ഥലങ്ങളിൽ വിഷമദ്യം വിറ്റത് ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ; എങ്കിൽ എന്ന്;

(എഫ്) ഈ വിഷമദ്യ ദുരന്തത്തിനുത്തരവാദികളായ ആർക്കെങ്കിലും വ്യാജമദ്യ വില്പനയുമായി ബന്ധപ്പെട്ട ശിക്ഷ ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇവർ വ്യാജ മദ്യവില്പനയിൽ വ്യാപരിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എച്ച്) ഇതു സംബന്ധിച്ച് ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) 31 പേർ.

(ബി) 3 പേർക്ക് കാഴ്ച നഷ്ടപ്പെട്ടു, അംഗവൈകല്യം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) 305 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(ഡി) വിഷമദ്യ ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് 30,000 രൂപ വീതവും കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് 25,000 രൂപ വീതവും ചികിത്സയ്ക്ക് വിധേയമായവർക്ക് 15,000 രൂപ വരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സാമ്പത്തികസഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2000 ഒക്ടോബറിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്തുണ്ടായ വ്യാജമദ്യ ദുരന്തം സംബന്ധിച്ച് മംഗലാപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 340/2000 നമ്പർ കേസ് തിരുവനന്തപുരം റെയിഞ്ച് ഡി.ഐ.ജി. ശ്രീ. വിൻസൺ എം. പോളിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചു വരികയാണ്. പ്രസ്തുത കേസിൽ അറസ്റ്റു ചെയ്യപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രതികളുടെ പേര്	അറസ്റ്റു ചെയ്ത തീയതി
1. ശശിധരൻ മകൻ കണ്ണൻ എന്നും കുഞ്ഞുമോൻ എന്നും സജി എന്നും വിളിക്കുന്ന സജീന്ദ്രൻ	6.12.2000
2. സദാശിവൻ മകൻ മുരുകൻ	ആറ്റിങ്ങൽ ജെ.എഫ്. എം.സി.11 6.11.2000 ൽ കീഴടങ്ങി
3. ശ്രീധരൻ മകൻ ഡ്രാക്കുള സുനി എന്നു വിളിക്കുന്ന സുനി	2.11.2000
4. ധർമ്മൻ മകൻ രാജു	30.10.2000
5. മണിയൻ മകൻ ലോഡ് സുനി എന്നു വിളിക്കുന്ന സുനി	30.10.2000
6. അർജ്ജുനൻ മകൻ കുമാർ	(അറസ്റ്റ് ചെയ്തിട്ടില്ല.) സംഭവത്തെത്തുടർന്ന് 27.10.2000ൽ തിരു.എം.സി.എച്ച്. ആശുപത്രിയിൽ മരണമടഞ്ഞു.)
7. ജോസഫ് മകൻ ശിശുപാലൻ	29.11.2000
8. ശിവതാണു പണിക്കർ മകൻ ശ്രീകണ്ഠൻ	9.11.2000
9. ശിവദാസൻ മകൻ കൊച്ചുനി എന്നുവിളിക്കുന്ന മണികണ്ഠൻ	പരവൂർ ജെ.എഫ്.എം.സി.ൽ 8.11.2000 ൽ കീഴടങ്ങി.

2000 ഒക്ടോബറിൽ കൊല്ലം ജില്ലയിലുണ്ടായ വ്യാജമദ്യ ദുരന്തങ്ങൾ സംബന്ധിച്ച് ഐ.ജി.എ.പി. ബറ്റാലിയൻ ആന്റ് ട്രാഫിക് ശ്രീ. സിബി മാത്യൂസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കുന്ന കേസുകളിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു.

പാരിപ്പള്ളി പി.എസ്. ക്രൈം 268/2000

പ്രതികളുടെ പേര്	അറസ്റ്റു ചെയ്ത തീയതി
ഹൈറുന്നിസ	
രാജൻ	
രാജു	24.10.2000
കൊച്ചുനി എന്ന മണികണ്ഠൻ	8.11.2000-ൽ പരവൂർ കോടതിയിൽ കീഴടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ഷിബു	16.11.2000
മണിച്ചൻ എന്ന ചന്ദ്രൻ	26.11.2000
ഷാബു എന്ന മുഹമ്മദ് ഷാജി	2.12.2000
കൊട്ടാരക്കര പി.എസ്. ക്രൈം 809/2000	
സുരേഷ്	2.11.2000
സുജിത്	2.11.2000
ദിലീപ്	8.11.2000
കുഞ്ഞുമോൻ എന്ന ഷൈജു	16.12.2000
ശശികുമാർ	5.12.2000
ഷിബു	5.12.2000
കൊട്ടാരക്കര പി.എസ്. ക്രൈം 810/2000	
സുജിത്	2.11.2000
സുരേഷ്	2.11.2000
ദിലീപ്	8.11.2000
കൊച്ചനി	(8.11.2000-ൽ പരവൂർ കോടതിയിൽ കീഴടങ്ങി)
കൊട്ടാരക്കര പി.എസ്. ക്രൈം 811/2000	
സുരേഷ്	2.11.2000
ദിലീപ്	8.11.2000
സുജിത്	2.11.2000
കൊച്ചനി	(8.11.2000-ൽ പരവൂർ കോടതിയിൽ കീഴടങ്ങി)
സത്യൻ	23.10.2000
സോമൻ	23.10.2000
കുന്നിക്കോട് പി.എസ്. ക്രൈം 309/2000	
മനോഹരൻ	2.11.2000

(എഫ്) ഉണ്ട്.

(ജി) റെയിഡുകൾ നടത്തുകയും വാഹന പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

114 (132) അബ്കാരി കരാറുകാരന്റെ വീടിനു മുകളിൽ സ്ഥാപിച്ച വയർലസ് ടവർ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

LIBRARY ARCHIVES Kerala Legislative Assembly